**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസവകുപ്പ് - സംസ്ഥാനത്തെ സ്കൂളുകളിലെ 2013-14, 2014-15 വർഷങ്ങളിലെ തസ്തിക നിർണ്ണയം - 29.11.2013 ലെ ജി.ഒ.(പി) 313/13/പൊവിവ നമ്പർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ(പി) നം.124/2014/പൊവിവ                    തീയതി,4.7.2014 തിരുവനന്തപുരം

---

പരാമർശം:1. 1.10.2011 ലെ ലെ സ.ഉ.(പി) നം.199/11/പൊവിവ നമ്പർ ഉത്തരവ്

2. 7.10.2011 ലെ ജി.ഒ(പി) നം.205/11/പൊവിവ നമ്പർ ഉത്തരവ്

3. 2.5.2012 ലെ സ.ഉ.(എം.എസ്) നം.139/12/പൊവിവ

4. 29.11.2013 ലെ സ.ഉ.(പി) നം.313/13/പൊവിവ നമ്പർ ഉത്തരവ്

5. പൊതുവിദ്യാഭ്യാസഡയറക്ടറുടെ 31.3.2014 ലെ എച്ച്2/29303/13/ഡിപിഐ നം. കത്ത്.

**<u>ഉത്തരവ്</u>**

എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശാസ്ത്രീയമായ നിയമനവും പുനർവിന്യാസവും നടപ്പിലാക്കുന്നതിനായി ഒരു അദ്ധ്യാപക പാക്കേജ് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. അതുപ്രകാരം 2010-11 ലെ തസ്തികനിർണ്ണയം തന്നെ 2011-12 ലും തുടരാൻ തീരുമാനിച്ചിരുന്നു. പിന്നീട് 2012-13 ലേയ്ക്കു കൂടി ആയത് നിലനിർത്തി. പരാമർശം നാലിലെ സർക്കാർ ഉത്തരവുപ്രകാരം 2013-14 ലെ തസ്തിക നിർണ്ണയം യു.ഐ.ഡി അടിസ്ഥാനമാക്കി നടത്താൻ ഉത്തരവായിരുന്നു.

2. പരാമർശം 4 ലെ സർക്കാർ ഉത്തരവുപ്രകാരമുള്ള 2013-14 ലെ തസ്തിക നിർണ്ണയം നടത്തുന്നതിനെതിരെ നിരവധി കേസുകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി കോർപ്പറേറ്റ്/വ്യക്തിഗത മാനേജ്മെന്റുകൾക്ക് സ്റ്റേ ഉത്തരവ് നൽകിയിരുന്നു. സ്റ്റേ ഉത്തരവ് ബാധകമായ സ്കൂളുകളിലൊഴികെ തസ്തികനിർണ്ണയം പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 2010-11 ലെ തസ്തികനിർണ്ണയം തന്നെ 2013-14 ലും തുടരാനനുവദിക്കണമെന്ന് വിവിധ കോണുകളിൽ നിന്നും ആവശ്യമുയർന്നിരുന്നു. 2013-14 അദ്ധ്യയനവർഷം കഴിഞ്ഞതിനാൽ ഇനി തസ്തിക നിർണ്ണയം നടത്തുന്നത് പ്രായോഗികമായി പ്രയാസങ്ങൾ ഏറെയുണ്ടാക്കും എന്നതിനാൽ 2010-11 ലെ തസ്തിക നിർണ്ണയം 2013-14 ലേക്കും ബാധകമാക്കുന്നത് ഉചിതമായിരിക്കും എന്ന് പരാമർശം 5 ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസഡയറക്ടർ അറിയിച്ചിരുന്നു.

3. പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്യുന്നവരെ അദ്ധ്യാപകബാങ്കിലേയ്ക്ക് മാറ്റാനും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കുട്ടികളുടെ എണ്ണം നോക്കാതെ തന്നെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ അദ്ധ്യാപകബാങ്കിൽ നിന്നും പൂളിംഗ് മുഖാന്തിരം നിയമിക്കുവാനും ഉത്തരവായിരുന്നു. കൂടാതെ ഭാവിയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകനിയമനങ്ങൾ പി.എസ്.സി മുഖേന നടത്തുവാനും അദ്ധ്യാപകരെ അനുയോജ്യമായ രീതിയിൽ പുനർവിന്യസിയ്ക്കുന്നതിനായി അദ്ധ്യാപക ബാങ്കിൽ നിലനിർത്താനും തീരുമാനിച്ചിരുന്നു. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലെ സ്കൂളുകളിൽ അദ്ധ്യാപകരുടെ നിയമനവും പൂളിംഗും നടത്തുന്നതിന് മാനേജർക്ക് അനുമതി നൽകണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു.

4. മേൽ വിഷയങ്ങൾ വിദ്യാഭ്യാസ പാക്കേജ് സംബന്ധമായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി പരിശോധിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ച് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. 2010-11 ൽ നിലവിലുള്ള തസ്തികകൾ തന്നെ 2013-14 വർഷത്തിലേയ്ക്കും തുടരുന്നതാണ്. റിട്ടയർമെന്റ്, രാജി, മരണം, പ്രൊമോഷൻ എന്നിവ കാരണമുണ്ടാകുന്ന ഒഴിവുകളിൽ 2013-14 വർഷത്തിൽ നടത്തിയ പുതിയ നിയമനങ്ങൾക്ക് 1:45 അനുപാതത്തിൽ കുട്ടികളുണ്ടെങ്കിൽ മാത്രം അംഗീകാരം നൽകുന്നതാണ്.

II. 2014-15 ലെ തസ്തിക നിർണ്ണയം കെ.ഇ.ആറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പ്രകാരം 1:45 അനുപാതത്തിൽ യു.ഐ.ഡി അടിസ്ഥാനമാക്കി പരാമർശം 4 ലെ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ജൂലായ് 15 നു മുമ്പായി പൂർത്തിയാക്കേണ്ടതാണ്.

III. 2014-15 ലെ തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമാകുന്ന അദ്ധ്യാപകരെ താഴെപ്പറയുന്ന ഭേദഗതികളോടെ പരാമർശം നാല് ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പുനർവിന്യസിക്കേണ്ടതാണ് :

i). 2010-11 ലെ തസ്തികകളിൽ നിയമിക്കപ്പെട്ട, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:45 എന്നതിൽ നിലനിൽക്കാനാകാതെ, അധികം വരുന്ന അദ്ധ്യാപകരെ സംരക്ഷിക്കുവാൻ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലെ I-IV വരെ ക്ലാസുകളിൽ 1: 30, V-X വരെ ക്ലാസുകളിൽ 1: 35 എന്ന നോഷണൽ അനുപാതത്തിൽ ഓരോ സ്കൂളിനെയും ഓരോ യൂണിറ്റായി കണക്കാക്കാം. സർക്കാർ സ്കൂളുകൾക്കും ഇത് ബാധകമായിരിക്കും. അധികമായി വരുന്ന അദ്ധ്യാപകരെ നിലനിർത്തുന്നതിനായി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നോഷണലായി കുറയ്ക്കുന്നതിനുമാത്രമേ സ്കൂളുകളെ മേൽപ്പറഞ്ഞ രീതിയിൽ ഓരോ യൂണിറ്റായി കണക്കാക്കാൻ പാടുള്ളൂ.

**ii).** പരാമർശം 4 ലെ ഉത്തരവിൽ വിവക്ഷിക്കുന്നപ്രകാരം അധികമായി വരുന്ന അദ്ധ്യാപകരെ പുനർവിന്യസിച്ചതിനുശേഷവും അദ്ധ്യാപകർ അധികമായി വരുന്നുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തി ഒരു അദ്ധ്യാപകബാങ്ക് രൂപീകരിക്കേണ്ടതാണ്. അദ്ധ്യാപകബാങ്കിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച കൂടുതൽ വിശദമായ മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

**iii).** കെ.ഇ.ആർ. വ്യവസ്ഥപ്രകാരം നിശ്ചിത എണ്ണത്തിൽ കൂടുതൽ കുട്ടികൾ ഉള്ള കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിംഗ് മാനേജർക്ക് തന്നെ ചെയ്യാവുന്നതാണ്. നിലവിലുള്ളതിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്നതല്ല. ഏതെങ്കിലും സാഹചര്യത്തിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വരികയാണെങ്കിൽ കെ.ഇ.ആർ നിബന്ധന പ്രകാരമുള്ള തസ്തികകൾ മാത്രമേ ഭാവിയിൽ അനുവദിക്കുകയുള്ളൂ. പക്ഷെ നിലവിലുള്ള അധിക അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിലേക്ക് വിന്യസിക്കുന്നതാണ്. വ്യക്തിഗത മാനേജ്മെന്റുകളുടെ കാര്യത്തിൽ അദ്ധ്യാപക ബാങ്കിൽ നിന്നും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം നൽകുന്നതാണ്.

5. പരാമർശം 1, 4 ലെ സർക്കാർ ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്. കേരളവിദ്യാഭ്യാസചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**

സെക്രട്ടറി

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം
എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ(എ&ഇ) കേരളം,തിരുവനന്തപുരം.
പൊതുഭരണ(എസ്.സി)വകുപ്പ്(ഇനം നമ്പർ ാം മന്ത്രിസഭാതീരുമാനം പ്രകാരം)
ധനകാര്യവകുപ്പ്(11.4.2014 ലെ 35556/എഡ്യൂ.എ 1/14/ധന)
നിയമ(ഒപ്പീനിയൻ എഫ്) വകുപ്പ് (2.5.2014 ലെ 8892/ലെഗ്.ഡി2/14/നിയമം)
ഉദ്യോഗസ്ഥഭരണപരിഷ്ക്കാരവകുപ്പ് (11.6.2014 ലെ 11584/ബി3/14/ഉഭപവ)
ഡയറക്ടർ,വിവരപൊതുജനസമ്പർക്കവകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
സ്റ്റോക്ക്ഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ